**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4780** **01-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ പുറമ്പോക്ക് ഭൂമി കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെയും ദേശീയ പാതകളുടെയും പുറമ്പോക്ക് ഭൂമി കയ്യേറി കച്ചവടസ്ഥാപനങ്ങളും, വീടുകളും നിർമ്മിക്കുകയും, കൃഷി ഇറക്കുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വളവുകൾ നിവർക്കുന്നതിന്റെ ഭാഗമായി പുതുതായി റോഡ് നിർമ്മിച്ചുകഴിയുമ്പോൾ പഴയ റോഡിന്റെ ഭാഗങ്ങൾ സ്വകാര്യ വ്യക്തികൾ തങ്ങളുടെ ഭൂമിയോട് അനധികൃതമായി ചേർക്കു കയും കൈവശം വയ്ക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതുമൂലം തുടർ വികസനങ്ങൾ തടസ്സപ്പെടുന്നതും നിരവധി അപകടങ്ങൾ ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കൈയേറ്റങ്ങൾ തുടർ വികസനത്തെ ബാധിക്കാറുണ്ട്. എന്നാൽ അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | കയ്യേറ്റങ്ങൾ ഒഴിവാക്കി ഭൂമി തിരിച്ചു പിടിക്കുന്നതിനും, അതിരുകൾ കൃത്യമായി കല്ലിട്ട് നിജപ്പെടുത്തുന്നതിനും എന്തൊക്കെ നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | റവന്യൂ വകുപ്പ് സർവ്വേ സ്കെച്ചിന്റെ അടിസ്ഥാനത്തിൽ റോഡിന്റെ അതിർത്തി നിർണ്ണയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അതിർത്തി കല്ലുകൾ പൊതുമരാമത്തു വകുപ്പ് സ്ഥാപിക്കുകയും ചെയ്തു വരുന്നു. കൈയ്യേറ്റം ഉണ്ടാകുന്നതായി ബോധ്യപ്പെടുന്നപക്ഷം ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ